**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- തലശ്ശേരി മുനിസിപ്പാലിറ്റി -കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ റീ സ നമ്പർ 18/1.,19/1 ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ ക്ലിനിക് ഉപയോഗത്തിനായി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ.1014 /16/തസ്വഭവ തീയതി തിരുവനന്തപുരം 02/03/2016

---

പരാമർശം:- 1) 1. 2.2013 ലെ സ.ഉ(എം.എസ്) നമ്പർ 46/13 /തസ്വഭവ

2) ഡോ. എം. എ അരുണിന്റെ 19.8.2013- ലെ അപേക്ഷ

3) തലശ്ശേരി മുനിസിപ്പൽ സെക്രട്ടറിയുടെ 07.07.14-ലെ ഇ 5/ബി എ/200/09 10 നമ്പർ കത്ത്

4) 30.8.14-ലെ 11141/ആർ ബി2/14/തസ്വഭവ നമ്പർ സർക്കാർ കത്ത്

5) മുഖ്യ നഗരാസൂത്രകന്റെ 2.5. 2015, ലെയും11.8.15-ലെയും D-8687/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ റീ സർവ്വേ നമ്പർ 18/1.19/1 ൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ ക്ലിനിക് പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിക്കണമെന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം ഡോ. അരുൺ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2.പരാമർശ 'F' ഗണത്തിൽപ്പെട്ട വാണിജ്യ കെട്ടിടത്തിൽ 150 M2 മുകളിൽ ഏരിയയുള്ള മെഡിക്കൽ ഗണത്തിൽപ്പെട്ട സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുവാൻ കഴിയില്ലായെന്ന് പരാമർശം 3 പ്രകാരം മുനിസിപ്പൽ സെക്രട്ടറിയും, പരാമർശ ക്ലിനിക് ഗ്രൂപ്പ് C ആയി പരിഗണിക്കുകയാണെങ്കിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 54 പാലിക്കേണ്ടതാണ് എന്ന് പരാമർശം 5 പ്രകാരമുള്ള 11.8.15-ലെ കത്തിൽ ചീഫ് ടൗൺ പ്ലാനറും സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.പരാമർശ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട ഉടമ റോഡ് വികസനത്തിന് സ്ഥലം വിട്ടു നൽകിയ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3C ( ബി) പ്രകാരം ഇളവ് അനുവദിക്കാൻ കഴിയുമോ എന്നതിൻമേൽ പരാമർശം 4 പ്രകാരം മുഖ്യ നഗരാസൂത്രകന്റെ അഭിപ്രായം ആരായുകയും, പരാമർശ വാണിജ്യ കെട്ടിടത്തിൽ 150 ച:മീറ്ററിൽ അധികരിക്കുന്ന മെഡിക്കൽ ഉപയോഗത്തിൽപ്പെട്ട സ്ഥാപനം അനുവദനീയമല്ലെന്നും, സ്ഥലം സൗജന്യമായി നൽകിയതിന് ചട്ടം 85 പ്രകാരം ഇളവുകൾ നൽകിയിട്ടുള്ളതിനാൽ ചട്ടം 3 സിയുടെ പ്രയോജനം വീണ്ടും നൽകാൻ നിർവ്വാഹമില്ലെന്നും പരാമർശം 5 പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

4. പരാമർശ നിർമ്മാണത്തിന് 8.43 സെന്റ് സ്ഥലം കെട്ടിട ഉടമ തലശ്ശേരി നഗരസഭയ്ക്ക് റോഡ് വികസനത്തിന് സൗജന്യമായി വിട്ടുനൽകിയിട്ടുണ്ട്.കേരള മുനിസിപ്പാലിറ്റി ആക്ടിലെ ചട്ടം 3C(ബി) പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി സ്ഥലം വിട്ടു

നൽകിയവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഇളവ് നൽകുവാൻ സർക്കാരിന് അധികാരം ഉണ്ട്. ചട്ടം 85 പ്രകാരം ഇളവ് ലഭിച്ച നിർമ്മാണങ്ങൾക്കും ചട്ടം 3C ( ബി) യുടെ ആനുകൂല്യം നൽകാവുന്നതാണ്.

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട ഉടമ റോഡ് വികസനത്തിന് 8.43 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകിയ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3C ( ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് തലശ്ശേരി മുനിസിപ്പാലിറ്റിയിലെ റീ സർവ്വേ നമ്പർ 18/1. 19/1 ൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ ഗ്രൂപ്പ് സി യിൽപ്പെട്ട ക്ലിനിക് പ്രവർത്തിക്കുന്നതിന് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ഇക്കാര്യത്തിൽ തുടർ നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ഡോ. അരുൺ, വാസൻ ഐ കെയർ, തൃഷ്നാപ്പള്ളി, തമിഴ്നാട്
സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി, കണ്ണൂർ,
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ